**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **18-01-2021 - ൽ മറുപടിയ്ക്ക്**

**അതിവേഗ തീവണ്ടിപ്പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി. കെ. സി. മമ്മത് കോയ,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ . എം . മുകേഷ് ,<br>ശ്രീ . പി . ഉണ്ണി** | | **Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗതാഗതരംഗത്ത് മൗലികമാറ്റം സൃഷ്ടിക്കാൻ പര്യാപ്തമായ അതിവേഗ തീവണ്ടിപ്പാതയ്ക്ക് കേന്ദ്രസർക്കാരിന്റെ അന്തിമാനുമതി നേടിയെടുക്കാൻ നടത്തിയിട്ടുള്ള പ്രവർത്തനം അറിയിക്കാമോ; | (എ) | പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11.06.2020 ലെ സ.ഉ(കൈ) നം. 18/2020/ഗതാ ഉത്തരവ് പ്രകാരം സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്ക് ആവശ്യമായ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്ന് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹു. ഗവർണറും ഇക്കാര്യം കേന്ദ്ര റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള യാത്രയ്ക്ക് കേവലം നാല് മണിക്കൂർ മതിയാകുന്ന പദ്ധതിയുടെ മതിപ്പുചെലവും എത്ര ഭൂമി വേണ്ടിവരുമെന്നും അറിയിക്കാമോ;? | (ബി) | 63,941 കോടി രൂപ മതിപ്പ് ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ ആവശ്യമായിവരുക. ഇതിൽ 1198 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. |

സെക്ഷൻ ഓഫീസർ